കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് – ഇടക്കോലി ഗവ. ഹയർ സെക്കന്ററി സ്കൂളിന് ബസ് വാങ്ങുന്നതിന് കോട്ടയം ജില്ലാപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ (സാധാ)നം:949/2012/തസ്വഭവ **തിരുവനന്തപുരം, തീയതി:29/3/2012**

---

പരാമർശം:- 1. 24/2/12-ലെ കോട്ടയം ജില്ലാപഞ്ചായത്ത് കമ്മിറ്റിയുടെ 1-ാം നമ്പർ തീരുമാനം

2. കോട്ടയം ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ 5/3/12-ലെ സി3/43/2011-12 നമ്പർ കത്ത്.

3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേൻ കമ്മിറ്റിയുടെ 20/3/12-ലെ 3.64 നമ്പർ തീരുമാനം.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ ഉഴവൂർ ഡിവിഷനിലെ ഇടക്കോലി ഗവ. ഹയർ സെക്കന്ററി സ്കൂളിന് 32 സീറ്റുകളുള്ള ഒരു സ്കൂൾ ബസ് വാങ്ങുന്നതിന് പരാമർശം (1) പ്രകാരം 12,26,000/- രൂപ പ്രോജക്റ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രോജക്റ്റിൽ നിന്ന് തുക അധികമാകുകയാണെങ്കിൽ പ്രസ്തുത തുകയും കൂടാതെ ടി വാഹനത്തിന്റെ ഇന്ധനചെലവ്, ഡ്രൈവറുടെ ശമ്പളം, മറ്റ് ആവർത്തന ചെലവുകൾ എന്നിവയും സ്കൂൾ പി.ടി.എ വഹിച്ചുകൊള്ളാമെന്ന് സമ്മതിച്ചിട്ടുണ്ടെന്നും ഈ സാഹചര്യത്തിൽ ബസ് വാങ്ങുന്നതിന് അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം കോട്ടയം ജില്ലാ ജില്ലാപഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിക്കുകയും ബസിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം (3) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാപഞ്ചായത്ത് പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള തുകയിൽ അധികം തുകയാവുകയാണെങ്കിൽ ടി തുകയും കൂടാതെ ടി വാഹനത്തിന്റെ ഇന്ധനചെലവ്, ഡ്രൈവറുടെ ശമ്പളം, മറ്റാവർത്തനചെലവുകൾ എന്നിവയും സ്കൂൾ പി.ടി.എ വഹിക്കണം എന്ന വ്യവസ്ഥയോടെ ഇടക്കോലി ഗവ. ഹയർ സെക്കന്ററി സ്കൂളിന് ഒരു ബസ് വാങ്ങുന്നതിന് കോട്ടയം ജില്ലാപഞ്ചായത്തിന് സർക്കാർ അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**വി.ശോഭ**

ഗവ.അഡീഷണൽ സെക്രട്ടറി

സെക്രട്ടറി, കോട്ടയം ജില്ലാപഞ്ചായത്ത്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ) തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, (LBA&A), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.